'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ . ഷഹീർ . എ . എം ന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.525/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/03/2020

പരാമർശം:- 1 28.06.2000ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.

2 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.01.2020ലെ Ddp-MPM/10/2020 നമ്പർ നടപടിക്രമം.

3 ശ്രീ.ഷഹീർ.എ.എം 12.02.2020 ൽ സമർപ്പിച്ച അപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 15.02.2020ലെ ഇ6-3279/20 നമ്പർ കത്ത്.

**ഉത്തരവ്**

കേരള പി എസ് സി മുഖേന പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷഹീർ.എ.എം-ന്, ടിയാൻ നിലവിൽ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കെ.പി.എം ബി.എഡ് പരിശീലന കോളേജിൽ ബി.എഡ് വിദ്യാർത്ഥിയാണെന്നും അതിനാൽ കോഴ്സ് കാലാവധി ആയ 26.03.2020 വരെ പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. കെ.പി.എം ബി.എഡ് പരിശീലന കോളേജിലെ പ്രിൻസിപ്പാൾ നൽകിയിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് 13.01.2020 മുതൽ 4 5 ദിവസത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷഹീർ.എ.എം നിലവിൽ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കെ.പി.എം ബി.എഡ് പരിശീലന

കോളേജിൽ ബി.എഡ് വിദ്യാർത്ഥിയാണെന്ന സാഹചര്യം പരിഗണിച്ച് പരാമർശം(1) സർക്കുലറിലെ ഖണ്ഡിക 3-ലെ നിബന്ധനകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി നിയമന ഉത്തരവ് തീയതിയായ 13.01.2020 മുതൽ 26.03.2020വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.ശ്രീ.ഷഹീർ.എ.എം-ന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, മൂർക്കനാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ.ഷഹീർ.എ.എം, അത്തിമണ്ണിൽ ഹൗസ്, കരുവമ്പ്രം.പി.ഒ, മലപ്പുറം, 676123(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ1/62/2020/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Danuja MJ
സെക്ഷൻ ഓഫീസർ